(സി) മേള സംഘടിപ്പിക്കുന്നതിനുള്ള ചെലവും വരവും തമ്മിൽ വലിയ വ്യത്യാസം ഉണ്ടെങ്കിൽ ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് പുനഃരാലോചിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഖാദി ബോർഡ് സംഘടിപ്പിക്കുന്ന ഇത്തരം മേളകൾക്കും എക്സിബിഷനും ഖാദി കമ്മിഷന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എല്ലാ മേളകളും എക്സിബിഷനുകളും ലാഭനഷ്ടം നോക്കി സംഘടിപ്പിക്കുക പ്രായോഗികമല്ല. ഖാദിയുടേയും ഖാദി ഉൽപ്പന്നങ്ങളുടേയും പ്രചരണാർത്ഥം സംഘടിപ്പിക്കുന്ന മേളകളും എക്സിബിഷനുകളും ഉണ്ട്. എങ്കിലും പൊതുവേ ഈ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5194-ന്റെയും, 5237-ന്റെയും ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.]

II. അടിയന്തിരപ്രമേയം

ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലുണ്ടായ ഗുണ്ടാ ആക്രമണം

മി. സ്പീക്കർ: ആലപ്പുഴ ജില്ലയിലെ പുന്നപ്ര തകഴിയിൽ ഇന്നലെ രാവിലെ അമ്പതോളം വരുന്ന ബി.ജെ.പി., ആർ.എസ്.എസ്. ക്രിമിനൽ സംഘം മാരകായുധങ്ങളുമായി ആറോളം വീടുകൾ തല്ലിത്തകർത്ത് കൊള്ളയടിക്കുകയും സി.പി.എം. ലോക്കൽ കമ്മിറ്റി സെക്രട്ടറി ഉൾപ്പെടെ മൂന്നു പേരെ വെട്ടിപ്പരിക്കേൽപ്പിക്കുകയും ചെയ്തിരിക്കുന്നു. സംഭവത്തെത്തുടർന്ന് ആ പ്രദേശത്ത് സംജാതമായിരിക്കുന്ന സംഘർഷാവസ്ഥയും അതീവഗുരുതരമായ സ്ഥിതിവിശേഷവും സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ടി. കെ. ദേവകുമാർ, കെ. പി. രാജേന്ദ്രൻ, എ.എ. അസീസ്, സി. കെ. നാണു, പി. സി. ജോർജ്ജ്, വി. സി. കബീർ, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 A.M.]

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ആലപ്പുഴ പറവൂർ വില്ലേജ് ഓഫീസിനടുത്തുവച്ച് സി.പി.ഐ. (എം) പറവൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി ശ്രീ. മോഹനനെ 2003 ആഗസ്റ്റ് മാസം 2-ാം തീയതി രാത്രി പത്തുമണിയോടെ ഏതാനും ബി.ജെ.പി. അനുഭാവികൾ വെട്ടിപ്പരിക്കേൽപ്പിച്ചു. അതിൽ പ്രതിഷേധിച്ച് 4-8-2003-ന് സി.പി.എം.-ന്റെ ആഹ്വാന പ്രകാരം ഹർത്താൽ ആചരിക്കുകയും രാത്രി 9 മണിയോടെ ആർ.എസ്.എസ്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാശാരീരിക് പ്രമുഖ് ശ്രീ. ജയചന്ദ്രന്റെ വീട് ആക്രമിക്കുകയും ചെയ്തു. തുടർന്ന് രാത്രി 9.45 മണിയോടെ ഏതാനും സി.പി.എം. പ്രവർത്തകർ മുഖംമൂടി ധരിച്ച് ആർ.എസ്.എസ്. പ്രവർത്തകനായ വിനോദിന്റെ വീടിന്റെ വാതിൽ ചവിട്ടിപ്പൊളിച്ച് അകത്ത് കടന്ന് വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും വിനോദിനെ വെട്ടിപ്പരിക്കേൽപ്പിക്കുകയും ചെയ്തു. അതിനെത്തുടർന്ന് ഏതാനും ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകർ സി.പി.എം. അനുഭാവി മുരളീധരൻ നായരുടെ വീട് ആക്രമിക്കുകയും വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും സി.പി.എം. പ്രവർത്തകനായ ബാഹുലേയന്റെ വീട് ആക്രമിച്ച് വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും ബാഹുലേയനെ വെട്ടിപ്പരിക്കേൽപ്പിക്കുകയും ചെയ്തു. 5-8-2003 രാവിലെ 11.00 മണിയോടെ ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകരായ 12 പേർ കപ്പക്കട ജംഗ്ഷനിൽ സംഘം ചേർന്ന് നിൽക്കുന്നത് കണ്ട് പോലീസ് അവരെ സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ടുവന്ന് അവർക്കെതിരെ സി.ആർ.പി.സി. 151 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ ഹാജരാക്കി. അതിൽ പ്രതിഷേധിച്ച് ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകർ മൂന്ന് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നേരെ കല്ലെറിഞ്ഞ് നാശനഷ്ടം വരുത്തി. ഇക്കാര്യങ്ങൾക്കൊക്കെ ഇരുവിഭാഗക്കാർക്കും എതിരെ ഇന്ത്യൻ ശിക്ഷാ നിയമം 307-ാം വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾ ചേർത്ത് പുന്നപ്ര പോലീസ് അഞ്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പതിനാല് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തി അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തിവരികയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, 2-8-2003-ന് രാത്രി വീട്ടിലേക്ക് സൈക്കിളിൽ പോവുകയായിരുന്ന സി.പി.എം.-ന്റെ പുന്നപ്ര ലോക്കൽ കമ്മിറ്റി സെക്രട്ടറി മോഹനനെ അക്രമി സംഘം വെട്ടിക്കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. അതീവ ഗുരുതരമായി പരിക്കേറ്റ മോഹനൻ എറണാകുളം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രയിൽ ദീർഘമായ ഒരു ഓപ്പറേഷനുശേഷം ചികിത്സയിൽ കഴിയുകയാണ്. അതിനെത്തുടർന്ന് അവിടെ പിറ്റേ ആക്രമണം ഉണ്ടായിയെന്ന് അവിടത്തെ പോലീസ് ധരിപ്പിച്ചിരിക്കുന്നതു തന്നെയാണ് പ്രശ്നം. കാരണം ഈ സംഭവവുമായി ബന്ധപ്പെട്ട് രണ്ടു മൂന്ന് ആർ.എസ്.എസ്.കാരെ അറസ്റ്റ് ചെയ്തപ്പോൾ സംഘടിതമായി ചെന്ന് പുന്നപ്ര പോലീസ് സ്റ്റേഷൻ വളയുകയും അവരെ ബലം പ്രയോഗിച്ച് ഇറക്കിക്കൊണ്ട് പോകുകയും ചെയ്യാൻ നടത്തിയ ശ്രമം ആ റിപ്പോർട്ടിൽ പോലീസ് കൊടുത്തിട്ടില്ല. ..... (ബഹളം).....ഞാൻ ഒന്ന് പറഞ്ഞോട്ടെ. നിങ്ങൾക്ക് പ്രതിഷേധമുണ്ടെങ്കിൽ പറയാം. നടന്നകാര്യമാണ്. 5-8-2003-ന് വെളുപ്പിന് 4 മണിക്ക് ആണ് അമ്പതോളം വരുന്ന ആർ.എസ്.എസ്. ക്രിമിനൽ സംഘം തേർവാഴ്ച നടത്തി ഏഴ് വീടുകൾ തല്ലിത്തകർത്തത്. മോഹനൻ ആശുപത്രിയിൽ കഴിയുമ്പോൾതന്നെ പ്രതിയെന്നുവായി പോലീസ് അറസ്റ്റ് ചെയ്തത് സി.പി.എം.-ന്റെ ബ്രാഞ്ച് സെക്രട്ടറി പ്രഭനെ ആണ്. പോലീസ് പ്രതിയെന്നുവായി അറസ്റ്റ് ചെയ്ത പ്രഭന്റെ വീടാണ് ഈ പറയുന്ന ഗുണ്ടാ സംഘം കയറി തല്ലിത്തകർത്തത്. ആ വീട് അടിച്ചുതകർത്തു. പുന്നപ്ര നോർത്ത് ഗ്രാമപഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശിവന്റെ വീട് തകർക്കുകയും മേശ വെട്ടിപ്പൊളിച്ച് 24 പവന്റെ സ്വർണ്ണം എടുത്തുകൊണ്ട് പോവുകയും ചെയ്തു. ദേശാഭിമാനിയുടെ ഏജന്റ് മുരളീധരൻ നായരുടെ വീട് ആക്രമിച്ച് ടി.വി., ഫ്രിഡ്ജ് ഉൾപ്പെടെയുള്ള മുഴുവൻ സാധനങ്ങളും തകർത്തുവെന്ന് മാത്രമല്ല, മേശയ്ക്കകത്ത് പത്രത്തിന്റെ വരിസംഖ്യ പിരിച്ചുവച്ചിരുന്ന 4800 രൂപ അവർ എടുത്തു കൊണ്ടുപോയി. ബേബിച്ചന്റെ വീട് പൂർണ്ണമായി അടിച്ചുതകർത്തു. ഓടി രക്ഷപ്പെടാൻ ശ്രമിച്ച ബേബിച്ചനെ വെട്ടി താഴെയിട്ടു. അദ്ദേഹം മെഡിക്കൽ കോളേജിൽ

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സയിലാണ്. ബാഹുലേയന്റെ വീട് ആക്രമിച്ച് അദ്ദേഹത്തിന്റെ രണ്ടു കാലുകളിലും വെട്ടി. തലയ്ക്കും മാരകമായ വെട്ടേറ്റ ബാഹുലേയൻ ഓപ്പറേഷൻ നടത്തി ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ പോലീസ് പ്രതിയെ അറസ്റ്റ് ചെയ്ത പ്രതിന്റെ അറസ്റ്റിനുശേഷം മണിക്കൂറുകൾക്കകം അക്രമം നടക്കുകയാണ്. അതുപോലെത്തന്നെ വാടക്കലെ സി.പി.എം.-ന്റെ ബ്രാഞ്ച് സെക്രട്ടറി ശശിധരന്റേയും സി.ഐ.ടി.യു. കൺവീനർ കാട്ടുങ്കൽ ബാഹുലേയന്റെയും വീട് അവർ ആക്രമിക്കുകയും അടിച്ച് തകർക്കുകയും ചെയ്തു. സി.ഐ.ടി.യു. ഓഫീസായിരുന്ന ബി.ടി.ആർ സ്മാരകം ഇവർ തകർത്തു. ഇതിൽ ഒരു മുൻ സംഭവമുണ്ട്. അതാണ് ഞാൻ സൂചിപ്പിക്കുന്നത്. ജൂൺ മാസം 27-ാം തീയതി ഈ ഗുണ്ടാ സംഘം ആലപ്പുഴ എസ്.ഡി. കോളേജിനകത്ത് കയറി രണ്ട് വിദ്യാർത്ഥികളെ വെട്ടി പരിക്കേൽപ്പിച്ചു.

മി. സ്പീക്കർ: അത് വേറെ സംഭവമാണ്. ഇതിനെപ്പറ്റി പറയൂ.

ശ്രീ. ടി. കെ. ദേവകുമാർ: ഒരു മിനിട്ടുകൂടി. ഇതിനെ സംബന്ധിച്ചിടത്തോളം ഇവർ തന്നെയാണ് ഈ അക്രമത്തിന് നേതൃത്വം കൊടുത്തത്. അവിടെയുള്ള എസ്.എഫ്.ഐ.-യുടെ ഏരിയാ സെക്രട്ടറി ഷാനവാസിനെ വെട്ടി പരിക്കേൽപ്പിച്ചു. രണ്ട് ഓപ്പറേഷൻ നടത്തി ആ പയ്യൻ ഇപ്പോഴും മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഈ അക്രമത്തിന് നേതൃത്വം കൊടുക്കുന്നത് അവിടെയുള്ള ഒരു ഗുണ്ടാ സംഘമാണ്. ആ ഗുണ്ടാ സംഘമെന്നു പറയുന്നത് ആലപ്പുഴ ബൈപ്പാസിൽ കൈതമുക്ക് കേന്ദ്രീകരിച്ച് മയക്കുമരുന്ന് സ്പിരിറ്റ് എന്നിവ വിൽക്കുന്നവരാണ്. ഇവരെ ഇരവുകാട് കൊള്ളസംഘം എന്നാണ് അറിയപ്പെടുന്നത്. ആർ.എസ്.എസ്. ആണ് ഇവർക്കു മുഴുവൻ നേതൃത്വം കൊടുക്കുന്നത്. ബിജുദാസ്, ബിനുദാസ്, മനോജ്, ജയചന്ദ്രൻ എന്നിവർക്കാണ് ഈ സാമൂഹ്യ വിരുദ്ധ സംഘത്തിന്റെ നേതൃത്വം. ഇവരുടെ പേരിൽ നിരവധി ക്രിമിനൽ കേസുകൾ ഇപ്പോൾ നിലവിലുണ്ട്. ഒരു കാര്യം കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കളർകോട് എസ്.ഡി. കോളേജിന്റെ പടിഞ്ഞാറേപ്പുറത്ത് ക്യാണ് ചെയ്തിരുന്ന, രൂപങ്ങളൊക്കെ ഉണ്ടാക്കി വിൽക്കുന്ന നാടോടി സംഘത്തിലെ പാവപ്പെട്ട ഒരു പെൺകുട്ടിയെ ബലാൽസംഗം ചെയ്ത കേസിലെ പ്രതികളാണ് ഈ പറയുന്ന ബിനുദാസും ബിജുദാസും ഉൾപ്പെടെയുള്ളവർ. ഇവരാണ് അവർക്ക് മുഴുവൻ നേതൃത്വം കൊടുക്കുന്നത്. പോലീസ് അവിടെ നിഷ്ക്രിയമാണ്. പോലീസ് സ്റ്റേഷൻ വളഞ്ഞ് പ്രതിയെ പിടിച്ചിറക്കിക്കൊണ്ടുപോകാൻ ശ്രമിച്ചിട്ട് നടക്കാതെ വന്നപ്പോൾ വണ്ടി അടിച്ച് തകർത്തു. അരിയും തിന്ന് ആശാരിച്ചിയേയും കടിച്ച് പിന്നേയും പട്ടിക്ക് മുറുമുറുപ്പ് പറഞ്ഞപോലെ ഇപ്പോൾ അവിടെ എന്താണ് സ്ഥിതിയെന്നു ചോദിച്ചാൽ ഇന്ന് അവിടെ ഹർത്താൽ പ്രഖ്യാപിച്ചിരിക്കുകയാണ്. അവിടെ യാതൊരു സൈര ജീവിതവും നടക്കുന്നില്ല. ലോക്കൽ കമ്മിറ്റി സെക്രട്ടറി മോഹനനെ ആക്രമിച്ചതിന് പ്രതിയെ അറസ്റ്റ് നടത്തിയത് ബ്രാഞ്ച് സെക്രട്ടറിയെ ആണ്. ഈ സമീപനമാണ് ഇവിടെ പ്രശ്നം. പോലീസ് നിഷ്ക്രിയമായി നിൽക്കുന്നതുകൊണ്ടാണ് ഈ സ്ഥിതിവിശേഷമുണ്ടാകുന്നത്. അതിനാൽ ഗുരുതരമായ ഈ പ്രശ്നം സഭ നിർത്തി വച്ച് ചർച്ച ചെയ്യണം. ആലപ്പുഴയിൽ ഇന്ന് ആർ.എസ്.എസ്.-കാർ ഹർത്താൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ശ്രീധരൻ പിള്ളയുടെ കഴിഞ്ഞ ദിവസത്തെ പ്രസ്താവന കണ്ട് ആവേശം മൂത്ത് നിൽക്കുന്ന ആർ.എസ്.എസ്.-കാർ നടത്തുന്ന കൊള്ളരുതായ്മയ്ക്ക് പരിഹാരം കാണാൻ സഭ നിർത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യണം. അവിടെ ഇതുവരെ ഒരറ്റ ആർ.എസ്.എസ്.കാരനും

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിൽ പോയിട്ടില്ല. ഞങ്ങൾ യാതൊരു പ്രത്യാക്രമണവും നടത്തിയിട്ടില്ല. ഉറങ്ങിക്കിടക്കുന്ന സിംഹത്തിന്റെ കുഞ്ഞിരോമം പിടിച്ചിളക്കി അതിന്റെ പല്ല് എണ്ണി നോക്കാൻ നടക്കുന്ന പണിയാണ് ഇപ്പോൾ പുന്നപ്രയിൽ നടക്കുന്നത്. അത് നിർത്തലാക്കാൻ പോലീസ് ജാഗ്രതയോടുകൂടി ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ബഹുമാനപ്പെട്ട ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞ കാര്യങ്ങൾ ഞാൻ ആദ്യമായി പറഞ്ഞ കാര്യങ്ങളോട് കൂടി ബന്ധപ്പെടുത്തിക്കൊണ്ട് തന്നെയാണ് പറഞ്ഞത്. ഗവൺമെന്റ് ഇത് വളരെ ഗൗരവത്തോടുകൂടി എടുത്തുവെന്നുള്ളതിന്റെ ഏക ഉദാഹരണമാണ് 14 പേരെ അറസ്റ്റ് ചെയ്തത്. ഇതിനുപുറമേ 12 ആർ.എസ്.എസ്.-ബിജെ.പി.ക്കാരെ പ്രിവന്റീവായി അറസ്റ്റ് ചെയ്ത് വച്ചിട്ടുണ്ട്. വളരെ മുൻകാലത്തുള്ള വൈരാഗ്യങ്ങളും പകയുംകൊണ്ട് മുന്നോട്ടുപോകുന്ന കാര്യങ്ങളാണ്. ശ്രീ. സുഗതനും ശ്രീ. കെ. സി. വേണുഗോപാലും ഒക്കെ മുഖ്യമന്ത്രിയോട് പറഞ്ഞിരുന്നു.പക്ഷേ ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ ശക്തമായിത്തന്നെ, പോലീസ് ശക്തമായി ആക്ട് ചെയ്തുവെന്നുള്ളതിനെതിരായാണ് ഹർത്താൽ. ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും വളരെ ശക്തമായ നടപടി തന്നെയാണുള്ളത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ: ഗവൺമെന്റ് വളരെ ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് എനിക്ക് അഭിപ്രായമില്ല.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഇന്നലെ അവിടെ മറ്റ് പരിപാടികൾക്ക് പോയക്കൂട്ടത്തിൽ ഞാനും ആ സ്ഥലം സന്ദർശിക്കാൻ ഇടയായി. ഇതിൽ ഗവൺമെന്റ് നടപടി എടുത്തിട്ടില്ലാ എന്നുപറയുന്നില്ല. ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്ന നടപടികൾ ദൗർഭാഗ്യമെന്നുപറയട്ടെ, പക്ഷപാതപരമാണ്. കാരണം എന്താണെന്നുവച്ചാൽ ഔപചാരികമായി ബി.ജെ.പി.-യുടെ രണ്ട് നേതാക്കന്മാരെയോ പ്രവർത്തകരെയോ അറസ്റ്റ് ചെയ്തുവെന്നുള്ളതാണ് ഗവൺമെന്റ് ചെയ്ത പ്രധാനപ്പെട്ട കാര്യം. വെട്ടിക്കൊല്ലപ്പെടുകയും വീട് ആക്രമിക്കപ്പെടുകയും ചെയ്തിട്ടുള്ള കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ പ്രവർത്തകരുടെ നേരെയാണ് വീട് പരിശോധനയും ഭീഷണിയും എല്ലാം പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. അതേ സമയം ഇതേപോലെ എന്തെങ്കിലും തരത്തിൽ അക്രമം കാണിക്കുന്നതിന് എതിരായ നടപടികൾ ഒന്നും ഒരു ആർ.എസ്.എസ്.-കാരന്റേയും വീട്ടിൽ പോയി എടുത്തിട്ടില്ല.

മി. സ്പീക്കർ: 12 പേരെ പ്രിവന്റീവ് മെഷേഴ്സ് ഉപയോഗിച്ച് അറസ്റ്റ് ചെയ്തു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: അത് പോലീസിന്റെ റിപ്പോർട്ടാണ്. അവിടെ ചെന്ന് അന്വേഷിച്ചാൽ ഇങ്ങനെയൊന്നും കാണില്ല.

മി. സ്പീക്കർ: അറസ്റ്റ് ചെയ്ത് വയ്ക്കാതെ വെറുതെ പറയാൻ പറ്റുമോ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ: പ്രിവന്റീവ് മെഷേഴ്സൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതുപോലെ നടന്നാൽ തരക്കേടില്ല. എന്നാൽ അവിടെ പോയി അന്വേഷിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ആ സ്ഥിതിയൊന്നും കാണുന്നില്ല. പോലീസ് സ്റ്റേഷൻ ആക്രമിക്കാൻ തന്നെ ഈ വിദ്വാന്മാർ ചെന്നിട്ട് പോലീസ് സ്ട്രെങ്ത്ത് സ്റ്റേഷൻ സംരക്ഷിക്കാൻ വേണ്ടി ഉള്ളതുകൊണ്ട് ആക്രമണം നടത്തിയില്ല. പിന്നെപോയി ട്രാൻസ്പോർട്ടിനെ കല്ലെറിയുകയും മറ്റുമൊക്കെയാണ് അവർ ചെയ്തത്. അപ്പോൾ പോലീസിന്റെ നിലപാട് കുറച്ചുകൂടി കർശനമായും പക്ഷപാതപരമല്ലാതെയും..... കേന്ദ്രത്തിൽ ബി.ജെ.പി. ഭരിക്കുന്നു എന്നുള്ള അഹന്തയോടുകൂടിയുള്ള ഒരു സമീപനം അവർക്കുണ്ട്. അത് മനസ്സിലാക്കി കുറച്ചുകൂടി കർശനമായ നിലപാട് സ്വീകരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

III. ശ്രദ്ധക്ഷണിക്കൽ

(1) കായികതാരങ്ങൾക്ക് ജോലി സംവരണം

ശ്രീ. രാജു എബ്രഹാം: വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കായിക താരങ്ങളോട് ഗവൺമെന്റ് ചിറ്റമ്മ നയം പുലർത്തുന്നു എന്നുള്ളതാണ് കാളിംഗ് അറ്റൻഷനിലൂടെ ഞാൻ ഉന്നയിക്കുന്ന കാര്യം. 1980-ൽ കേരളത്തിന്റെ കായിക രംഗത്തെ സംബന്ധിച്ചിടത്തോളം സുവർണ്ണ കാലഘട്ടമായിരുന്നു. കെ.എസ്.ഇ.ബി., പോലീസ്, കെ.എസ്.ആർ.ടി.സി. ടൈറ്റാനിയം, എഫ്.എ.സി.ടി. തുടങ്ങി വോളിബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, നീന്തൽ, അത്ലറ്റിക് ഈ രംഗങ്ങളിലൊക്കെ ജിമ്മി ജോർജും, ടി.സി. യോഹന്നാനും, സുരേഷ് ബാബുവും അടക്കം നമ്മുടെ രാജ്യത്തിന്റെ യശസ്സ് ലോകത്തിനുമുന്നിൽ എത്തിച്ചു. പിന്നെ പി. ടി. ഉഷയും, ഷൈനി വിൽസണും ഒക്കെ തുടർന്നു. ഇന്നത്തെ അവസ്ഥ എടുത്താൽ 1990-91-ന് ശേഷം കേരള പോലീസിൽ കായിക താരങ്ങളെ സ്പോർട്സ് കാട്ടയിൽ എടുത്തിട്ടില്ല. കായിക താരങ്ങൾക്കുതന്നെ 'വളരെ ബുദ്ധിമുട്ടുനേരിടുന്നു എന്നുള്ളതാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോൾ കെ.എസ്.ഇ.ബി.യിൽ മാത്രമാണ് പത്ത് ആളുകളെ ഈ അടുത്ത സമയത്ത് എടുത്തിരിക്കുന്നുത്. 60 ആളുകളെ 4 വർഷത്തിനുള്ളിൽ എടുക്കേണ്ട സ്ഥാനത്താണ് ഈ എടുക്കൽ നടന്നിരിക്കുന്നത്. സ്പോർട്സ് മന്ത്രി കഴിഞ്ഞ ദിവസം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ചില ആളുകളെ എടുക്കുമെന്ന് പറഞ്ഞിരുന്നു. സ്വാഗതാർഹമാണ്. നമ്മുടെ അത്ലറ്റുകൾ മുഴുവൻ കേരളം വിട്ടുപോകുകയാണ്. പി. ടി. ഉഷ, എം.ഡി. വത്സമ്മ, ഷൈനി വിൽസൺ, അഞ്ജു ബോബി, ബോബി അലോഷ്യസ്, മേഴ്സിക്കുട്ടൻ, എൽദോ, രവികുമാർ, മിനി എലിസബത്ത്, ഷിജി കുര്യൻ തുടങ്ങി ഈ നീണ്ട ലിസ്റ്റ് മുഴുവൻ ഞാൻ വായിക്കുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ കായിക രംഗത്ത് വലിയ ഒരു പ്രാധാന്യം നൽകാൻ തയ്യാറാകണം. ആന്ധ്രാപ്രദേശിൽ ഹോഴ്സിന് ലിക്കറിന്റെ ഒരു നിശ്ചിത ശതമാനം ടാക്സ് മാറ്റി വച്ചിരിക്കുകയാണ്. സ്പോർട്സിനുവേണ്ടി ഇപ്പോൾ മറുപടി പറയുന്നത് എക്സൈസ് വകുപ്പുമന്ത്രി ആയതുകൊണ്ട് അദ്ദേഹത്തിന് ഇപ്പോൾ വേണമെങ്കിൽ പ്രഖ്യാപിക്കാൻ കഴിയും. ഹോഴ്സിൻ ലിക്കറിന്റെ ഒരു നിശ്ചിത ശതമാനം ടാക്സ് ഞാൻ കായിക രംഗത്തിനുവേണ്ടി മാറ്റി വയ്ക്കുന്നു എന്നു പറഞ്ഞാൽ കേരളം അഭിമാനത്തോടെ അങ്ങയുടെ നാമം ഓർക്കും എന്ന കാര്യത്തിൽ സംശയം ഇല്ല. കേന്ദ്ര ഗവൺമെന്റ് ഇന്നലെ എടുത്തിരിക്കുന്ന തീരുമാനം, സ്പോൺസർ ചെയ്യുന്ന കമ്പനികളെ ഇൻകം ടാക്സിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. വിദ്യാഭ്യാസ രംഗത്തു യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിൽ ഇപ്പോൾ സ്പോർട്സ് കാട്ട ഇല്ല. പ്രൈവറ്റ് മേഖലകളിൽ എവിടേയും ഇപ്പോൾ സ്പോർട്സ് കാട്ട ഇല്ല. അതുകൊണ്ട് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly